പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6010 28/10/2011 ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ സൂപ്പർന്യൂമററി തസ്തികകൾ

ചോദ്യം:

ശ്രീമതി. പി. അയിഷാപോറ്റി

(എ) 31.3.2012-ലെ ജീവനക്കാരുടെ വിരമിക്കലിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര എൽ.ഡി.ക്ളർക്കുമാരുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം എത്ര എൽ.ഡി. ക്ളാർക്ക് തസ്തികകൾ ജില്ലയിൽ സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അത് പാലിക്കാത്ത കൊല്ലം ജില്ലയിലെ വിവിധ വകുപ്പ് തലവൻമാർക്കെതിരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ 15 എൽ.ഡി.ക്ളാർക്കുമാരുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. മറ്റു വകുപ്പുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇപ്രകാരം റവന്യൂ വകുപ്പിൽ 5 എൽ.ഡി.ക്ളാർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(സി) 2011-2012 സാമ്പത്തിക വർഷത്തിൽ പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കൊല്ലം ജില്ലയിലെ വിവിധ വകുപ്പ് തലവന്മാർ സർക്കാർ ഉത്തരവ് പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ നടപടിയുടെ ചോദ്യം ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ